**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2302** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ തകർന്ന് കിടക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഇത്തരത്തിൽ തകർന്ന് കിടക്കുന്ന റോഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ ആയിരം കോടി രൂപ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2024-25 ബജറ്റിൽ വകയിരുത്തിയതിൽ എത്ര രൂപ ഇതിനായി നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ചെലവുകൾ വന്നിട്ടില്ല. |
| (സി) | മുഖ്യമന്ത്രി വിളിച്ച് ചേർത്ത നിയമസഭാംഗങ്ങളുടെ യോഗത്തിൽ ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെടുത്തി മുഖ്യമന്ത്രിക്ക് നൽകിയ കത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന് ലഭ്യമായിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റ് പ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഗ്രാമീണ റോഡുകളുടെ പ്രവൃത്തികൾക്കുള്ള പൊതുമാർഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ